**ലീഡർ:** സമാജത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന വിദ്യാർത്ഥി ക്യാമ്പുകൾ, വി.ബി.എസ്, അദ്ധ്യാപക കൂട്ടായ്മകൾ, മിഷൻ ടു പാരിഷ്, മിഷൻ ടു ചിൽഡ്രൻ എന്നിവയ്ക്കായും, സി. ഇ. സി. ചരൽക്കുന്ന് ക്യാമ്പ് സെന്റർ, കൊല്ലം ആശ്രയ, സുഗന്ധഗിരി എന്നിവയുടെ പ്രവർത്തനങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

**പ്രതിവാക്യം** : ദൈവമേ, ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ

**സമർപ്പണ പ്രാർത്ഥന** (എല്ലാവരും ചേർന്ന്)

ഞങ്ങളെ അനുദിനം വഴി നടത്തുന്ന ദൈവമേ, അഖിലലോക സൺഡേസ്കൂൾ ദിനമായ ഇന്ന് ഞങ്ങളെ നിന്റെ മുൻപാകെ സമർപ്പിക്കുന്നു. ദൈവവചനം പഠിക്കുകയും, വചനം പ്രമാണിക്കുകയും, ദൈവ ഇഷ്ടപ്രകാരം ജീവിക്കുകയും ചെയ്യുവാൻ പരിശുദ്ധാത്മാവ് ഞങ്ങളെ പ്രാപ്തരാക്കേണമേ. ദൈവത്തെ സ്നേഹിച്ച്, ദൈവവഴിയിലൂടെ സഞ്ചരിപ്പാനും, ദൈവഹിത പ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുവാനും, മാതാപിതാക്കളെയും, മുതിർന്നവരെയും, അധ്യാപകരെയും, ബഹുമാനിക്കുവാനും, വാക്കിനാലും പ്രവർത്തിയാലും വിശുദ്ധിയുള്ള ജീവിതം നയിക്കുവാനും, ഞങ്ങളെ പൂർണമായി സമർപ്പിക്കുന്നു. *ആമേൻ*

# മാർത്തോമ്മാ സൺഡേസ്കൂൾ സമാജം

## അഖിലലോക സൺഡേസ്കൂൾ ദിനം

## 2023 നവംബർ 5, ഞായർ

# ആരാധന ക്രമം

(മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്നത്)

**ആരാധനാഹ്വാനം**

'യഹോവയ്ക്ക് ഒരു പുതിയ പാട്ടു പാടുവിൻ; സകലഭൂവാസികളുമായുള്ളോരേ, യഹോവയ്ക്ക് പാടുവിൻ. യഹോവയ്ക്ക് പാടി അവന്റെ നാമത്തെ വാഴ്ത്തുവിൻ; നാൾതോറും അവന്റെ രക്ഷയെ പ്രസിദ്ധമാക്കുവിൻ.' (സങ്കീർത്തനങ്ങൾ 96:1,2)

**പാട്ട്**

**കൗമ്മാ**

**പ്രാരംഭ പ്രാർത്ഥന**

ഞങ്ങളുടെ സൃഷ്ടിതാവും പരിപാലകനുമായ ദൈവമേ, ഏകജാതനായ പുത്രനെ ഞങ്ങളുടെ വീണ്ടെടുപ്പിനായി നല്കിയതിനായി ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. ശിശുക്കളെ തന്റെ അടുക്കൽ വിളിച്ച് അനുഗ്രഹിച്ച യേശു കർത്താവേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. സകല സത്യത്തിലേക്കും ഞങ്ങളെ നയിക്കുന്ന പരിശുദ്ധാത്മാവേ, നിന്നെ ഞങ്ങൾ വാഴ്ത്തുന്നു.

ത്രിയേക ദൈവമേ, അഖിലലോക സൺഡേസ്കൂൾ ദിനത്തിൽ നിന്റെ സന്നിധിയിൽ വന്ന് ആരാധിക്കുവാൻ ലഭിച്ച കൃപയ്ക്കായി നിനക്ക് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നു. ദൈവമേ, നിന്റെ ഇഷ്ടം ചെയ്‌വാനും, വിശുദ്ധിയുള്ള ജീവിതം നയിക്കുവാനും ഇന്നത്തെ ആരാധന ഞങ്ങളെ ആത്മീയ ചൈതന്യമുള്ളവരാക്കി തീർക്കേണമെ.

യേശു ക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ അപേക്ഷിക്കുന്നു. *ആമേൻ*

**അനുതാപ പ്രാർത്ഥന**

**ലീഡർ**: ''നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.'' (1 യോഹന്നാൻ 1:9)

ഓരോ പ്രാർത്ഥനയ്ക്കും ശേഷം '*കരുണയുള്ള കർത്താവേ ഞങ്ങളോട് ക്ഷമിക്കണമേ*' എന്ന് പ്രതിവാക്യമായി പറയണം.

**ലീഡർ**: ദൈവവചന പഠനത്തിനും ആരാധനയ്ക്കും കുടുംബ പ്രാർത്ഥനയ്ക്കും ധാരാളം അവസരം ലഭിച്ചിട്ടും അവയുടെ പ്രാധാന്യം മനസ്സിലാക്കാതെ പലപ്പോഴും അവഗണിച്ചു പോകുന്ന കുറവുകളെ...

**പ്രതിവാക്യം** : കരുണയുള്ള കർത്താവേ ഞങ്ങളോട് ക്ഷമിക്കണമേ

**ലീഡർ**: നീ സൃഷ്ടിച്ച മനോഹരമായ ഭൂമിയെ കാത്തു പരിപാലിക്കുവാൻ നിയോഗം ലഭിച്ച ഞങ്ങൾ ഭൂമിയുടെ നിലനിൽപ്പിന് വിരുദ്ധമായി പ്രവർത്തിച്ചു പോകുന്ന കുറവുകളെ...

**പ്രതിവാക്യം** : കരുണയുള്ള കർത്താവേ ഞങ്ങളോട് ക്ഷമിക്കണമേ

**ലീഡർ**: സമസൃഷ്ടികളോട് ആദരവോടും സ്നേഹത്തോടും കൂടെ പെരുമാറുവാൻ സാധിക്കാതെയും നീ നൽകിയ അനുഗ്രഹങ്ങൾ മറ്റുള്ളവരുമായി പങ്കുവെക്കാതെ സ്വന്തം ഇഷ്ടത്തിന് വേണ്ടി മാത്രം ജീവിച്ചു പോകുന്ന കുറവുകളെ...

പ്രതിവാക്യം : കരുണയുള്ള കർത്താവേ ഞങ്ങളോട് ക്ഷമിക്കണമേ

**സ്തോത്ര പ്രാർത്ഥന**

''എൻ മനമേ, യഹോവയെ വാഴ്ത്തുക; എന്റെ സർവ്വാന്തരംഗവുമേ, അവന്റെ വിശുദ്ധ നാമത്തെ വാഴ്ത്തുക. എൻ മനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുതു.'' (സങ്കീർത്തനങ്ങൾ 103:1,2)

ഓരോ പ്രാർത്ഥനയ്ക്കും ശേഷം *''ദൈവമേ, ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു*'' എന്ന് പ്രതിവാക്യമായി പറയണം

**ലീഡർ**: ദൈവവഴിയിൽ സഞ്ചരിപ്പാൻ ഞങ്ങളെ കരുതുന്ന എല്ലാവർക്കുമായും, പ്രത്യേകമായി ഞങ്ങളുടെ ഇടവകാംഗങ്ങൾ, മാതാപിതാക്കൾ, സൺഡേസ്കൂൾ അധ്യാപകർ എന്നിവർക്കായും അവരിലൂടെ ലഭിക്കുന്ന വിശ്വാസ പരിപോഷണത്തിനായും...

**പ്രതിവാക്യം** : ദൈവമേ, ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു

**ലീഡർ**: ദൈവത്തിന്റെ ലോകത്തിൽ ദൈവജനമായിരിപ്പാൻ നീ നിയോഗിച്ചിരിക്കുന്ന സഭയ്ക്കായും, സഭയുടെ വ്യത്യസ്ത ശുശ്രൂഷകൾക്കായും പ്രത്യേകമായി മാർത്തോമ്മാ സൺഡേ സ്കൂൾ സമാജത്തിനായും അതിന്റെ എല്ലാ പ്രവർത്തനങ്ങൾക്കായും...

പ്രതിവാക്യം : ദൈവമേ, ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു

**ലീഡർ**: നീ നൽകിയിരിക്കുന്ന വ്യത്യസ്തങ്ങളായ താലന്തുകൾക്കായും ജീവിതാനുഭവങ്ങൾക്കായും ജീവിത വഴികളിൽ ഞങ്ങളെ പ്രോത്സാഹിപ്പിക്കുന്ന എല്ലാവർക്കുമായും.

**പ്രതിവാക്യം** : ദൈവമേ, ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു

**മദ്ധ്യസ്ഥ പ്രാർത്ഥന**

''യഹോവ എന്റെ പ്രാർത്ഥനയും യാചനകളും കേട്ടതുകൊണ്ടു ഞാൻ അവനെ സ്നേഹിക്കുന്നു. അവൻ തന്റെ ചെവി എങ്കലേക്കു ചായിച്ചതുകൊണ്ടു ഞാൻ ജീവകാലമൊക്കെയും അവനെ വിളിച്ചപേക്ഷിക്കും.'' (സങ്കീർത്തനങ്ങൾ 116:1,2)

ഓരോ പ്രാർത്ഥനയ്ക്കും ശേഷം *''ദൈവമേ, ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ''* എന്ന് പ്രതിവാക്യമായി പറയണം

**ലീഡർ**: നമ്മുടെ സഭയ്ക്കായും സഭയെ നയിക്കുന്ന ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത, സഫ്രഗൻ മെത്രാപ്പോലീത്തമാർ, എപ്പിസ്കോപ്പമാർ, റമ്പാച്ചൻമാർ, പട്ടക്കാർ, സുവിശേഷകർ, സേവിനിമാർ, സഭാ ജനങ്ങൾ എന്നിവർക്കായും മാർത്തോമാ സൺഡേസ്കൂൾ സമാജം പ്രസിഡന്റ് ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്ത, ഔദ്യോഗിക ചുമതലക്കാർ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, ഓഫീസ് പ്രവർത്തകർ, ഫീൽഡ് സ്റ്റാഫ് അംഗങ്ങൾ, സൺഡേ സ്കൂൾ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സെന്റർ, ഡിസ്ട്രിക്ട്, ഭദ്രാസന, കേന്ദ്രതല പ്രവർത്തകർക്കായും പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിക്കാം

**പ്രതിവാക്യം** : ദൈവമേ, ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ

**ലീഡർ**: ജീവിതത്തിന്റെ വ്യത്യസ്ത നിലകളിൽ വേദനകളിലൂടെ കടന്നുപോകുന്ന കുഞ്ഞുങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാം. പീഡനത്തിനും ചൂഷണത്തിനും വിധേയരാകുന്നവർ, അനാഥരാക്കപ്പെടുന്നവർ, മദ്യം, മയക്കുമരുന്ന്, ലഹരി വസ്തുക്കൾ എന്നിവയ്ക്കു അടിമകളാകുന്നവർ, രോഗത്താൽ ഭാരപ്പെടുന്നവർ എന്നിവരെ ഓർത്തു പ്രാർത്ഥിക്കാം

**പ്രതിവാക്യം** : ദൈവമേ, ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ